DR. SURESH ADVANI'S

# SMITA MEMORIAL HOSPITAL AND RESEARCH CENTRE

04862 208000, 350700, +91 9496143852
SH8, Vengalloor, Thodupuzha, Kerala - 685608
info@smitahospital.com I www.smitahospital.com

## അർബുദ രോഗിയുടെ നാവ് പുനഃനിർമിച്ചു

**തൊടുപുഴ**: അർബുദ രോഗിയുടെ നാവ് അതീവ സങ്കീർണ്ണമായ ശസ്ത്രക്രിയയിലൂടെ പുനർനിർമിച്ച് തൊടുപുഴ സ്മിതാ മെമ്മോറിയൽ ആശുപത്രി. നാവിനെ പൂർണമായും ബാധിച്ച അർബുദം, കഴുത്തിലേക്കും പടർന്നതിനെയും തുടർന്ന് സ്റ്റേജ് 4 ആയി ഗുരുതരാവസ്ഥയിലായ കോതമംഗലം സ്വദേശിയായ 39കാരിയുടെ നാവാണ് പുനർനിർമിച്ചത്. ജില്ലയിൽ ആദ്യമായിട്ടാണ് ഇത്തരത്തിൽ നാവ് പുനർനിർമിക്കുന്ന ശസ്ത്രക്രിയ നടക്കുന്നതെന്ന് ആശുപത്രി അധികൃതർ പറഞ്ഞു. അർബുദത്തിന് കാരണമായ ട്യൂമർ എടുത്ത് മാറ്റിയപ്പോൾ അതൊടൊപ്പം നീക്കം ചെയ്ത കോശഭാഗങ്ങൾ പുനഃസ്ഥാപിക്കാനും വികലമായ ശരീരഭാഗങ്ങൾ നേരെയാക്കാനുമായാണ് രോഗിയെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.രോഗിയുടെ മറ്റ് ശരീരഭാഗങ്ങളിൽ നിന്ന് എടുത്ത കോശങ്ങൾ ഉപയോഗിച്ചാണ് നാവ് അടക്കമുള്ള ഭാഗങ്ങൾ പുനഃനിർമിച്ചത്. പത്ത് മണിക്കൂറിലധികം നീണ്ട ശസ്ത്രക്രിയയ്ക്ക് ഹെഡ് ആൻഡ് നെക്ക് ഓങ്കോളജി വിഭാഗം മേധാവി ഡോ. സനു പി. മൊയ്തീൻ, ഓങ്കോളജി സർജിക്കൽ വിഭാഗം മേധാവി ഡോ. മോപുരി ചൈതന്യ റെഡ്ഡി, പ്ലാസ്റ്റിക് സർജൻ ഡോ. ജനാർദ്ദനൻ, അനസ്തേഷ്യ ടീം എന്നിവർ നേതൃത്വം നൽകി.ഇടുക്കി ജില്ലയിൽ ഹെഡ് ആൻഡ് നെക്ക് ഓങ്കോളജിയിൽ വിദഗ്ധ ചികിത്സയുള്ള ഒരേ ഒരു ആശുപത്രിയാണ് സ്മിത. വിവരങ്ങൾക്ക് 0486 2350700